പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1590 14.06.2013 - ൽ മറുപടിയ്ക്ക്

## ക്രഷ് ജീവനക്കാരുടെ വേതന വർദ്ധനവ്

ചോദ്യം

ഉത്തരം

ശ്രീ. മോൻസ് ജോസഫ്

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡിന്റെ കീഴിൽ സ്ത്രീ ശാക്തീകരണത്തിനു വേണ്ടി എത്ര ക്രഷുകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ ; | (എ) | 539 ക്രഷ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെയും ധന സഹായത്തോടെയും ആവിഷ്ക്കരിച്ച് സന്നദ്ധ സംഘടനകൾ മുഖാന്തിരം രാജ്യത്തൊട്ടാകെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് രാജീവ് ഗാന്ധി നാഷണൽ ക്രഷ് പ്രോഗ്രാം |
| (ബി) | പ്രസ്തുത ക്രഷുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കാമോ ; ഇവരുടെ നിയമനം എങ്ങനെയാണ് ; അറിയിക്കാമോ; | (ബി) | ക്രഷുകളിലെ ഒരു ടീച്ചർ, ഒരു ആയ എന്നിവരുടെ ഓണറേറിയമായി പ്രതിമാസം 2,000/- രൂപ (1000 + 1000) നിരക്കിൽ വർഷത്തിൽ 24,000/- രൂപ നൽകുന്നു. ഇത് വർഷത്തിൽ ഗഡുക്കളായി കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് അനുവദിക്കുന്ന മുറയ്ക്ക് നൽകുന്നു. ഇവരുടെ നിയമനത്തിൽ കേന്ദ്ര/സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് അധികാരമില്ല. അതാത് സന്നദ്ധ സംഘടനകളുടെ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചായിരിക്കും നിയമനം |
| (സി) | അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ക്രഷ് ജീവനക്കാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിന് തടസ്സം ഉണ്ടോ; എങ്കിൽ എന്താണ്; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ക്രഷ് ജീവനക്കാരുടെ വേതന വ്യവസ്ഥയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുവാൻ കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ്/ കേന്ദ്ര സർക്കാരിന് മാത്രമേ കഴിയുകയുള്ളൂ. |

R. Vijay

സെക്ഷൻ ഓഫീസർ